പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1746 **16-10-2026-ൽ മറുപടിയ്ക്ക്**

ബാല്യ സ്പന്ദനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. അബിൻ വർക്കി കോടിയാട്ട്

മറുപടി നൽകിയ മന്ത്രി

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി)

(എ) വനിതാ ശിശു വികസന വകുപ്പ് സംഘടിപ്പിക്കുന്ന ബാല്യ സ്പന്ദനം പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

മറുപടി: സംസ്ഥാനത്തെ അങ്കണവാടികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികളുടെ ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതിനും ആരോഗ്യപ്രശ്നങ്ങൾ പ്രാരംഭഘട്ടത്തിൽത്തന്നെ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനുമായി വനിതാ ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കി വരുന്ന ത്രൈമാസ ആരോഗ്യപരിശോധന പദ്ധതിയാണ് 'ബാല്യസ്പന്ദനം'. കേരളത്തിലെ 33120 അങ്കണവാടികളിലെ കുട്ടികളുടെ ആരോഗ്യ പരിശോധന ആരോഗ്യവകുപ്പ് നിയോഗിച്ച സബ് സെന്റർ തലത്തിലുള്ള JPHN, JHI, MLSP എന്നിവരടങ്ങിയ ടീം അങ്കണവാടികളിൽ വെച്ച് നടത്തി വരുന്നു. ഈ ഘട്ടത്തിൽ പരിശോധനയ്ക്കായി എത്തുന്ന ഓരോ കുട്ടിയുടെയും ആരോഗ്യ പരിശോധന വിവരങ്ങൾ പൂരിപ്പിക്കാൻ ഹെൽത്ത് കാർഡ് നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കുട്ടികളിലെ പോഷകാഹാരക്കുറവ്, വിളർച്ച (Anaemia), കാഴ്ച-കേൾവി വൈകല്യങ്ങൾ, മറ്റ് ശാരീരിക-വളർച്ചാ വ്യതിയാനങ്ങൾ എന്നിവ പ്രാരംഭ ഘട്ടത്തിൽത്തന്നെ കണ്ടെത്തി ആവശ്യമായ തുടർപരിശോധന, അനുബന്ധ ആരോഗ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തോടെ ലഭ്യമാക്കുകയാണ് പ്രധാന ലക്ഷ്യം. ഇതിലൂടെ കുട്ടികളുടെ പൊതുവായ ആരോഗ്യസ്ഥിതി വിലയിരുത്തുന്നതിനും വളർച്ചയെയും വികാസത്തെയും ബാധിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ സമയബന്ധിതമായി തിരിച്ചറിയുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്നു.

(ബി) പ്രസ്തുത പരിപാടിയുടെ ഭാഗമായി എത്ര അംഗൻവാടികളിലെ എത്ര കുട്ടികളിൽ പരിശോധന പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

മറുപടി: ബാല്യസ്പന്ദനം പദ്ധതി പ്രകാരം ആദ്യഘട്ട ആരോഗ്യപരിശോധന നടത്തിയ അങ്കണവാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വിവരം	എണ്ണം
ആകെ അങ്കണവാടികൾ	33,120
പദ്ധതി നടപ്പിലാക്കിയ അങ്കണവാടികൾ	32,965
പദ്ധതി വഴി സേവനം ലഭിച്ച ആകെ അങ്കണവാടി പ്രീ സ്കൂൾ കുട്ടികൾ	2,31,995

ടി പദ്ധതി പ്രകാരം അങ്കണവാടികളിൽ നടത്തിയ ആരോഗ്യപരിശോധന സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം-1**ആയി ചേർക്കുന്നു.

(സി) സ്ക്രീനിംഗിന്റെ ഭാഗമായി കുട്ടികളിൽ നടത്തിയിട്ടുള്ള പരിശോധനകളിൽ എന്തെല്ലാം രോഗങ്ങൾ/ന്യൂനതകൾ കണ്ടെത്തിയിട്ടുണ്ടെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ; ഈ ന്യൂനതകൾക്ക് എന്ത് പരിഹാരമാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

മറുപടി: ബാല്യസ്പന്ദനം പദ്ധതി പ്രകാരം 2,31,995 അങ്കണവാടി പ്രീ സ്കൂൾ കുട്ടികളുടെ ആരോഗ്യ പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ മോണിറ്ററിംഗിനായി ഡിജിറ്റൽ റിപ്പോർട്ടിങ് സംവിധാനത്തിൽ രേഖപ്പെടുത്തിയതിൻ പ്രകാരം ആകെ 14084 കുട്ടികളുടെ വിവരം മാത്രമേ ലഭിച്ചിട്ടുള്ളൂ. മറ്റ് കുട്ടികളുടെ വിവരങ്ങൾ ഡിജിറ്റൽ ഫോർമാറ്റിലെ തകരാറ് മൂലം (APP CRASH) റിപ്പോർട്ട് ചെയ്യാൻ സാധിച്ചിട്ടില്ല. നിലവിൽ ലഭിച്ച 14084 കുട്ടികളുടെ വിവരങ്ങൾ വിശകലനം ചെയ്യുമ്പോൾ 1600 (11.36%) കുട്ടികൾ റെഫർ ചെയ്തതായി കാണപ്പെട്ടു.

ന്യൂട്രിഷൻ സ്റ്റാറ്റസ് റിപ്പോർട്ട്

Nutritional Status	No. of children
MAM	136
Normal	13314
Overweight	88
SAM	27
Stunted	35
Underweight	483
Wasted	1
Grand Total	14084

കുട്ടികളിൽ വിവിധ ആരോഗ്യ പ്രശ്നങ്ങൾ കാരണം 1600 കുട്ടികളെ റെഫർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിവരം **അനുബന്ധം-2** ആയി ചേർക്കുന്നു.

സ്ക്രീനിങ്ങിലൂടെ ആരോഗ്യ പ്രശ്നങ്ങളോ വൈകല്യങ്ങളോ കണ്ടെത്തി റെഫർ ചെയ്തെത്തുന്ന കുട്ടികൾക്ക് കുടുംബാരോഗ്യ കേന്ദ്രം / സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യമായ പരിശോധന, ചികിത്സ, കൗൺസലിംഗ്, തുടർപരിചരണം എന്നിവ സമയബന്ധിതമായി ലഭ്യമാക്കുന്നു. ആവശ്യമായ സാഹചര്യങ്ങളിൽ കുട്ടികളെ അനുയോജ്യമായ ഉയർന്ന ചികിത്സാ കേന്ദ്രങ്ങളിലേക്ക് റെഫർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നു. തുടർന്ന് RBSK നഴ്സ് മുഖേന ആവശ്യമായ ഫോളോ-അപ്പ് ഉറപ്പാക്കുകയും ചെയ്യുന്നു. പദ്ധതിയുടെ ആദ്യഘട്ട ആരോഗ്യപരിശോധന 2026 സെപ്റ്റംബർ മാസത്തിൽ അങ്കണവാടികളിൽ നടത്തിയിട്ടുണ്ട്. തുടർന്ന് ഓരോ മൂന്ന് മാസത്തിലൊരിക്കലും കുട്ടികളുടെ ആരോഗ്യപരിശോധന നടത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

Health Check-up - ICDS Project wise Consolidated Report -Proforma 1

Sl. No	District	ICDS PROJECT	Total No. of AWCs in the Project	No. of Health Checkup - Conducted	Attendendin g Anganwadi- cum-Crèche	Children Attended the Health Checkup	Coverag e %	Remarks
1	Thiruvananthapuram	24	3061	3061	20111	15528	77.21	
2	Kollam	21	2723	2688	18691	14972	80	Total 40, No Preschool: C.Nos: 2, 8, 9, 19, 20, 30, 35, 37, 42, 54, 57, 77, 87, 91, 102, 103, 106, 107, 108, 111, 112, 113, 115, 118, 120, 137, 141, 146, 149, 162, 183, 185, 186 Preschool Child Not Well: C.No: 172 Clubbed / Merged Centers: C.Nos: 7, 45 (Clubbed with respective centers)
3	Pathanamthitta	12	1389	1388	8381	7478	89.22	No preschool children in CNO:82
4	Alappuzha	15	2150	2166	16475	14629	88.79	1) will be completed during the month october, 2) For convenience, health check ups were conducted more than once in AWC having a large number of children ,3)
5	Kottayam	15	2050	2041	12391	10092	81.45	3-6 കാറ്റഗറിയിൽ സ്കൂളിൽ പോകുന്ന കുട്ടികളുടെ ഹെൽത്ത് ചെക്കപ്പ് ചെയ്തിട്ടില്ല. ടി അങ്കണവാടികളിൽ 3 - 6 കുട്ടികൾ സ്കൂളിൽ പോകുന്നവരാണ്
6	Idukki	15	1561	1561	9945	7985		
7	Ernakulam	23	2858	2848	20607	17178	83.36	3 awc കളിൽ 3 വയസിനു മുകളിലുള്ള കുട്ടികൾ സ്ഥിരമായി വരുന്നില്ല, 7അങ്കണവാടികളിൽ കുട്ടികൾ ഇല്ല
8	Thrissur	23	3015	3012	24273	19082	78.61	Porathissery - 2 (ക്യാമ്പ് വച്ച ദിവസം കുട്ടികൾ ഹാജരാകാത്തതിനാൽ), Parappukkara - 1 (അങ്കണവാടിയിൽ കുട്ടികൾ ഇല്ലാത്തതിനാൽ) 3 സെൻറുകളിൽ ഹെൽത്ത് ചെക്ക് അപ്പ് നടത്താൻ സാധിച്ചിട്ടില്ല.
9	Palakkad	21	2838	2838	23828	20682	87	18 children have not attend health check up and refered 74 children.
10	Malappuram	29	3808	3766	56518	43817	77.53	കൂടുതൽ മീസെൽസ് (അഞ്ചാം പനി) ഔട്ട് ബ്രേക്ക് കേസുകൾ TIRUR ,TIRUR ADDL, TANALUR സെക്ടറിൽ ഉണ്ടായതിനാൽ മെഡിക്കൽ ഓഫീസർമാർ അതിന്റെ തിരക്കിലായതിനാലും അവരുടെ നിർദേശം പാലിച്ചു ബാല്യ സ്പന്ദനം ക്യാമ്പുകൾ പ്രസ്തുത പ്രദേശത്തെ അങ്കണവാടികളിൽ നടത്താൻ സാധിച്ചില്ല , ഒക്ടോബർ 12, 13,14 തിയ്യതികളിൽ ആയി നിർത്തിവെച്ച ക്യാമ്പുകൾ പുനരാരംഭിച്ചിട്ടുണ്ട്.
11	Kozhikkode	21	2938	2930	28035	24004	85.62	7 AWC THERE ARE NO PRE SCHOOL CHILDERN ,THAT TIME
12	Wayanad	8	876	874	7983	6979	86.56	ഒരു അങ്കണവാടി സെന്ററിൽ പ്രീസ്കൂൾ കുട്ടികൾ ഇല്ല.
13	Kannur	21	2504	2449	21949	17154	78	10 ankanawadi has no enrolled children, 7 centres have no enrolled pre school children
14	Kasargod	12	1348	1343	15316	12415	81.06	Cno 3 & 10 does not have any registered children attending AWC
	TOTAL	260	33119	32965	284503	231995		

Asst. Director.
സെക്ഷൻ ഓഫീസർ